"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പായിപ്ര ഗ്രാമപഞ്ചായത്ത് - 2019 -20 വാർഷിക പദ്ധതി(പ്രോ.നം. SO 547/2020) - ഇല്ലത്തുകടിപ്പടിയിൽ വൈദ്യുത ട്രാൻസ്ഫോർമർ സ്ഥാപിക്കൽ വാർഡ് 3 - 16.90 ലക്ഷം രൂപ KSEB യ്ക്ക് ഡെപ്പോസിറ്റ് ചെയ്യുന്നതിന് അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**സ.ഉ.(സാധാ) നം.212/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 27/01/2021

പരാമർശം:- 1 പായിപ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05.03.2020-ലെ അപേക്ഷ

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 23.09.2020 -ലെ 4.44നമ്പർ തീരുമാനം

**ഉത്തരവ്**

പായിപ്ര ഗ്രാമപഞ്ചായത്തിൽ മൂന്നാം വാർഡിലെ ഇല്ലത്തുപടി പ്രദേശത്ത് വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുവെന്നും ഇതിന്റെ തുകയായ 16.90 ലക്ഷം രൂപ KSEB യ്ക്ക് ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ള അനുമതി നല്കണമെന്നും പായിപ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം 1 പ്രകാരം അപേക്ഷിച്ചിരുന്നു.

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 23.09.2020 ൽ ചേർന്ന യോഗം ഈ വിഷയം വിശദമായി പരിശോധിച്ചു. പ്രസ്തുത യോഗത്തിന്റെ പരാമർശം (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2019 -20 വാർഷിക പദ്ധതിയിലുൾപ്പെട്ട ഇല്ലത്തുകടിപ്പടിയിൽ വൈദ്യുത ട്രാൻസ്ഫോർമർ സ്ഥാപിക്കൽ പ്രവൃത്തിക്കായി 16.90 ലക്ഷം രൂപ KSEB യ്ക്ക് ഡെപ്പോസിറ്റ് ചെയ്യുന്നതിന് പായിപ്ര ഗ്രാമപഞ്ചായത്തിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു. കാലതാമസം കൂടാതെ ട്രാൻസ് ഫോർമർ KSEB സ്ഥാപിക്കുമെന്ന് പഞ്ചായത്ത് അധികൃതർ ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫന്**

**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, പായിപ്ര ഗ്രാമപഞ്ചായത്ത്, എറണാകുളം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SURESH KUMAR K
Date: 2021.01.23 17:18:08 IST
Reason: Approved

സെക്ഷൻ ഓഫീസർ